**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **03-03-2025 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിലെ ആയുഷ്മാൻ ആരോഗ്യ മന്ദിർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നഗരസഭകളിലെ ആയുഷ്മാൻ ആരോഗ്യ മന്ദിർ (നഗര ജനകീയ ആരോഗ്യ കേന്ദ്രം) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ശരാശരി പതിനയ്യായിരം ജനസംഖ്യ മാനദണ്ഡമാക്കിയാണ് നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നിലവിൽ ആശുപത്രികളോ ആരോഗ്യ ഉപകേന്ദ്രങ്ങളോ ഇല്ലാത്ത പ്രദേശങ്ങളിലാണ് ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ (യു.പി.എച്ച്.സി-കൾ) പ്രവർത്തിക്കുന്ന നഗരങ്ങളിൽ ഓരോ യു.പി.എച്ച്.സി-യുടെയും ആഭിമുഖ്യത്തിൽ മൂന്ന് വീതവും, നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത നഗരങ്ങളിൽ രണ്ട് വീതവും എന്ന ക്രമത്തിലാണ് നഗര ജനകീയ ആരോഗ്യ കേന്ദ്രം കേരളത്തിൽ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; | (ബി) | പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് കേരളത്തിന് ലഭിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നത്. |
| (സി) | ഇവയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടെ നിയമനാധികാരം നിലവിൽ നാഷണൽ ഹെൽത്ത് മിഷനിൽ നിക്ഷിപ്തമാണ്. |
| (ഡി) | മതിയായ ജീവനക്കാരുടെ അഭാവം നിമിത്തം ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തന പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ